**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2398**

**05.02.2018 ൽ മറുപടിയ്ക്ക്**

## യുവജനങ്ങളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ

**ചോദ്യം**

**ശ്രീ. എം. സ്വരാജ്**

**മറുപടി**

**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ; | (എ) & (ബി) | കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യൂത്ത് വെൽഫയർ ബോർഡ്, യുവജനകമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധമേഖലകളിലേക്ക് തിരിച്ചു വിടുന്ന പ്രവർത്തനങ്ങളുമാണ് കൈക്കൊണ്ടു വരുന്നത്. നഗരവാസികളായ യുവജനങ്ങൾക്കൊപ്പം ഗ്രാമീണ മേഖലയിലെ യുവാക്കൾക്കും വിദ്യാർത്ഥികളല്ലാത്ത യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്താകമാനം കേരളോത്സവം സംഘടിപ്പിച്ചു വരുന്നു. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മേഖലകളിൽ യുവക്ലബുകൾ രൂപീകരിച്ച് സാംസ്കാരിക കൂട്ടായ്മ, കലാകായിക പ്രവർത്തനങ്ങൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ, മാലിന്യമുക്തപ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, സ്വയംതൊഴിൽ പരിശീലനങ്ങൾ, പി.എസ്.സി പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ടി പ്രവർത്തനങ്ങളിൽ മികവ് തെളിയിക്കുന്ന ക്ലബ്ബുകളെ പൊതുസമൂഹത്തിന് പരിചയ |
| (ബി) | അവയുടെ വിശദാംശം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പ്പെടുത്തുന്നതിനായി യൂത്ത് കേരള എക്സ്പ്രസ് എന്ന റിയാലിറ്റി ഷോ സംഘടിപ്പിക്കുന്നു., ദേശീയോദ്ഗ്രഥനത്തിൽ അധിഷ്ഠിതമായ നാഷണൽ ഫോക്ഫെസ്റ്റ് ഓഫ് കേരള, യുവസംരംഭകർക്ക് പ്രയോജനപ്രദമായ രീതിയിൽ KEY SUMMIT എന്ന സംരംഭകശില്പശാല, കേരളോത്സവം തുടങ്ങിയ പദ്ധതികൾ കേരള സംസ്ഥാന യുവജനക്ഷേമബോർഡ് നടപ്പിലാക്കി വരുന്നു.<br>യുവജനങ്ങൾക്ക് തൊഴിലവസരം സംബന്ധിച്ച സമഗ്ര വിവരം നൽകുന്നതിനും തൊഴിലന്വേഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുമായി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും തൊഴിലിനു വേണ്ട മികവും കഴിവും നേടുന്നതിനായി യുവജനങ്ങളെ ശാക്തീകരിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ "ജോബ് പോർട്ടൽ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. www.ksycjobs.kerala.gov.in എന്ന പേരിലാണ് ജോബ് പോർട്ടൽ സജ്ജമാക്കിയിട്ടുള്ളത്. ടി സൈറ്റിൽ തൊഴിലന്വേഷകർക്കും തൊഴിൽദാതാക്കൾക്കും സൗജന്യ രജിസ്ട്രേഷൻ സാധ്യമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത തൊഴിൽ ദാതാക്കൾക്ക് ആവശ്യമായ ജീവനക്കാരെ നേരിട്ട് തിരഞ്ഞെടുക്കുന്നതിനായി ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനും ടെക്നോപാർക്കിന്റെ സൈറ്റ് കൂടി ലിങ്ക് ചെയ്ത് ജോബ് പോർട്ടൽ വിപുലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**